പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3395 29.01.2014-ൽ മറുപടിയ്ക്ക്

## സർക്കാർ പ്രസ്സുകളിൽ ബൈൻഡർ ഗ്രേഡ് II തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ** | **ശ്രീ. കെ. പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 1976-ലെ സബോർഡിനേറ്റ് സർവ്വീസ് (എ) സ്പെഷ്യൽ റൂൾ വരുന്നതിന് മുമ്പ് കേരളത്തിലെ സർക്കാർ പ്രസ്സുകളിൽ ബൈൻഡർ ഗ്രേഡ് II -ൽ എത്ര തസ്തികകൾ ഉണ്ടായിരുന്ന എന്ന് വ്യക്തമാക്കാമോ; അതിന് ശേഷം പുതുതായി എത്ര തസ്തികകൾ കൂടി അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ? | 1976-ലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പ് ഗവൺമെന്റ് പ്രസ്സുകളിൽ രണ്ടാം ഗ്രേഡ് ബൈന്റർ എന്ന തസ്തിക ഉണ്ടായിരുന്നില്ല. പകരം എൽ.ഡി.ബൈന്റർ തസ്തികകളാണ് ഉണ്ടായിരുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 18.12.1981-ലെ ജി.ഒ.(പി) നം.211/81/ഉ.വി.വ. ഉത്തരവ് പ്രകാരം എൽ.ഡി.ബൈന്റുടെ 274+5 (താല്ക്കാലികം) തസ്തികകളും യു.ഡി. ബൈന്റർമാരുടെ 136 തസ്തികകളും ചേർത്ത് 415 തസ്തികകളാണ് ഉണ്ടായിരുന്നത്. ഈ ഉത്തരവ് പ്രകാരം എൽ.ഡി/യു.ഡി.ബൈന്റർ തസ്തികകളുടെ പേരുകൾ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, എന്നാക്കി പുനർനാമകരണം ചെയ്യുകയും അന്നുണ്ടായിരുന്ന 415 തസ്തികകളെ 4:2:1 എന്ന അനുപാതത്തിൽ രണ്ടാം ഗ്രേഡ് ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നീ തസ്തികകളായി പുന:ക്രമീകരണം ചെയ്യുകയും ചെയ്തിരുന്നു. അതിനുശേഷം നാളിതുവരെ 106 സ്ഥിരം തസ്തികകളും 10 |

താല്ക്കാലിക തസ്തികകളും അനുവദിച്ചു. ഇങ്ങനെ ഉണ്ടായ ആകെ 516 തസ്തികകൾ 17.01.1991-ലെ ജി.ഒ.(എം.എസ്) നം.10/91/ഉ.വി.വ. പ്രകാരം പുതുക്കിയ 2:2:1 എന്ന അനുപാതത്തിൽ വിഭജിക്കുമ്പോൾ രണ്ടാം ഗ്രേഡ് ബൈന്റർ തസ്തികകളിൽ 207 തസ്തികകൾ നിലവിലുണ്ട്. ഇതുകൂടാതെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ 18.01.1993-ലെ ജി.ഒ. (ആർ.റ്റി) നം.101/93/ഉ.വി.വ. ഉത്തരവ് പ്രകാരം 28.02.1993 വരെ താല്കാലികമായി അനുവദിച്ച 10 രണ്ടാം ഗ്രേഡ് ബൈന്റർ തസ്തികകളിൽ 3 എണ്ണം ഇപ്പോഴും തുടരുന്നുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്